(ഇ) വിഴിഞ്ഞം പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഈ വർഷം അവസാനംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. കരട് കൺസഷൻ എഗ്രിമെന്റ് പ്രകാരം ഇറമുഖ നടത്തിപ്പിന്റെ 15-ാം വാർഷികം പൂർത്തിയാകുന്നതുമുതൽ ഓരോ കൊല്ലവും ഇറമുഖ നടത്തിപ്പിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ 1%, 2%, 3% എന്നീ ക്രമത്തിൽ (ഓരോ വർഷവും 1% വീതം കൂടുന്ന രീതിയിൽ) 40% വരെ റവന്യൂ വിഹിതം സർക്കാരിന് ലഭിക്കാൻ വ്യവസ്ഥയുണ്ട്. സംസ്ഥാന സർക്കാർ ഇറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് നൽകുന്ന ആകെ ഭൂമിയുടെ 30% വിസ്തൃതിയിലുള്ള ഭൂമിയിൽ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റ് പങ്കാളിക്ക് സ്വന്തം മുതൽമുടക്കിൽ നടത്തുന്നതിനുള്ള ലൈസൻസും ഉണ്ടായിരിക്കും. ഇതിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 10% ഇറമുഖ നടത്തിപ്പിന്റെ 7-ാം വാർഷികം പൂർത്തിയാകുന്നതു മുതൽ സർക്കാരിന് ലഭ്യമാകുന്ന വ്യവസ്ഥ Draft Concession Agreement ലുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതി

130 (134) ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിക്കുള്ള ടെണ്ടറിൽ പങ്കെടുത്ത് ആർ.എഫ്.പി. വാങ്ങിയ കമ്പനികൾ ഏതെക്കെയായിരുന്നു ; യോഗ്യത നേടിയിട്ടും ആർ. എഫ്.പി. വാങ്ങാത്ത കമ്പനികൾ ഏതെല്ലാം ;

(ബി) കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന് അനുമതി ലഭിച്ചത് ഏത് തീയതിയിലായിരുന്നു ;

(സി) പ്രസ്തുത അനുമതി ലഭിച്ചതിനുശേഷം ഏതെല്ലാം കമ്പനികളുമായി മുഖ്യമന്ത്രിയും ഇറമുഖ വകുപ്പ് മന്ത്രിയും മുൻ ചീഫ് സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ പദ്ധതി കാര്യം നേരിട്ട് സംസാരിക്കുകയുണ്ടായി. പ്രസ്തുത ചർച്ചയിലെ ധാരണകൾ വിശദമാക്കാമോ ;

(ഡി) ഏറ്റവും ഒടുവിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി ഏത് തീയതിയിലായിരുന്നു ; ഏതെല്ലാം കമ്പനികൾ ഫിനാൻഷ്യൽ ക്വാട്ടിൽ പങ്കെടുത്തു ;

(ഇ) ടെണ്ടറിൽ മത്സരം ഉണ്ടാകുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ വി.ജി.എഫ്. നൽകും എന്ന് തീരുമാനിച്ചതിനുശേഷം നടത്തിയ ശ്രമങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിക്കുള്ള ടെണ്ടറിൽ പങ്കെടുത്ത് .ആർ.എഫ്.പി. വാങ്ങിയ മൂന്ന് കമ്പനികൾ ചുവടെ പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly

- Adani Ports & Special Economic Zone Ltd.
- SREI-OHL Consortium
- Essar Ports Ltd.

Consortium of Concast Infratech Ltd & Hyundai Engineering & Construction Co. Ltd., Gammon Infrastructure Projects Limited എന്നീ രണ്ടു കമ്പനികൾ യോഗ്യത നേടിയിട്ടും ആർ. എഫ്. പി. വാങ്ങിയിട്ടില്ല.

(ബി) വിഴിഞ്ഞം പദ്ധതിയ്ക്കുവേണ്ടി 2015 ഫെബ്രുവരി 3-ാം തീയതി കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന് അനുമതി ലഭിച്ചു

(സി) ആർ.എഫ്.പി. വാങ്ങിയ കമ്പനി പ്രതിനിധികളുമായി ടെണ്ടർ പ്രക്രിയയുടെ ഭാഗമായി നടന്ന പ്രീ ബിഡ് ചർച്ചകളിൽ ഒന്നുംതന്നെ മുഖ്യമന്ത്രിയോ ഇറമുഖ വകുപ്പുമന്ത്രിയോ മുൻ ചീഫ് സെക്രട്ടറിയോ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി, അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെയും ഇറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൾ സെക്രട്ടറി (ഇറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, ഇറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, ഇറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. മറ്റു കമ്പനികളുടെ പ്രതിനിധികളുമായി മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചിട്ടുണ്ട്.

(ഡി) ഏറ്റവും ഒടുവിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2015 ഏപ്രിൽ മാസം 24 ആയിരുന്നു. ഇതനുസരിച്ച് M/s Adani Ports & Special Economic Zone Limited മാത്രമാണ് ഫിനാൻഷ്യൽ ക്വാട്ടിൽ പങ്കെടുത്തത്.

(ഇ) കേന്ദ്രസർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ആഗോള ടെണ്ടർ 2013 ഡിസംബർ മാസം 4-ാം തീയതി വിളിച്ചിട്ടുള്ളത്. 2015 ഫെബ്രുവരി 3-ാം തീയതിയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചത്. ഇതിനു ശേഷം ടെണ്ടറിന്റെ ഒരു പ്രീ ബിഡ് മീറ്റിംഗ് 2015 മാർച്ച് 9-ാം തീയതി മുംബൈയിൽ വച്ച് നടന്നു.

LIBRARY ARCHIVES Kerala Legislative Assembly